# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 13/05/ 2020

## ലോക്-ഡൗൺ ലംഘനം മാസ്ക്ക് ധരിക്കാതെ പൊതു സ്ഥലങ്ങളിൽ സഞ്ചരിച്ച 71 പേർക്കെതിരെ പോലീസ് കേസ്

കൊല്ലം : ലോക്-ഡൗൺ നിയന്ത്രണങ്ങൾ നിലവിലിരിക്കെ സർക്കാർ നിർദേശം ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 71 പേർക്കെതിരെ കൊല്ലം സിറ്റി യിൽ കേസുകൾ രജിസ്റ്റർ ചെയ്തു. ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ സഞ്ചരിച്ചതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയതിനും പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിനുമായി 134 കേസുകൾ കേരളാ എപിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം രജിസ്റ്റർ ചെയ്ത് 138 പേരെ അറസ്റ്റ് ചെയ്തു. 84 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. ലോക്-ഡൗൺ നിബന്ധനകൾ നിലവിലിരിക്കെ ആയത് ലംഘിച്ച് ചവറ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇടപ്പള്ളികോട്ട പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 4 കോൺഗ്രസ് പ്രവർത്തകർക്കെതിരെയും ചാത്തന്നൂർ ആദിച്ചനല്ലൂർ പോസ്റ്റോഫീസിന് മുൻവശംപ്രതിഷേധം സംഘടിപ്പിച്ചതിന് 3 ആർഎസ്പി പ്രവർത്തകർക്കെതിരേയും കേസ് രജിസ്റ്റർ ചെയ്തു. ഈസ്റ്റ് പോലീസ് സറ്റേഷൻ പരിധിയിൽ വടയാറ്റുകോട്ട ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് മെഡിക്കൽ സ്റ്റോർ പ്രവർത്തിപ്പിച്ചതിന് കാവനാട് സ്വദേശി അഭിലാഷിനെതിരെ കേസ് രജിസ്റ്റർ ചെയ്തു. സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി.കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ ദുരിതത്തിൽ കഴിഞ്ഞിരുന്ന 25 പേർക്ക് ദിവസവും നൽകി വരുന്ന ഭക്ഷണ പ്പൊതി ജനമൈത്രി പോലീസ് വിതരണം ചെയ്തു. വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ജനമൈത്രി പോലീസ് അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളും വീടുകളും സന്ദർശിക്കുകയും ബോധവൽക്കരണം നടത്തുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു. ഹോം ക്വാറന്റയിനിൽ കഴിയുന്നവർ സർക്കാർ നൽകിയ മാർഗ നിർദേശങ്ങളും ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും

കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ശക്തമായ പരിശോധനാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ലോക്-ഡൗൺ ഇളവുകൾ നൽകി തുറന്ന് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളും മറ്റും സർക്കാർ മാനദണ്ഡങ്ങൾക്കു വിധേയമായി ശുചീകരണ സംവിധാനങ്ങൾ ഒരുക്കി പ്രവർത്തിക്കേണ്ടതാണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും വിദേശരാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ സാമൂഹ്യഅകലം പാലിച്ച് സർക്കാർ ഏർപ്പെടുത്തിയ മാർഗ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.